# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 76

27/02/2017-ന് മറുപടിക്ക്

## പി.എസ്.സി. പരീക്ഷാചോദ്യങ്ങൾ റദ്ദാക്കുന്നതിനെതിരെ നടപടി

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ പരീക്ഷകൾക്ക് ശേഷം ഉത്തരം പൂർണ്ണമല്ല, വ്യക്തമല്ല അല്ലെങ്കിൽ ഉത്തരമില്ല എന്നതതിന്റെ പേരിൽ ചോദ്യങ്ങൾ റദ്ദാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) | ചോദ്യങ്ങൾ റദ്ദാക്കാറുണ്ട്. പരീക്ഷയ്ക്ക് ശേഷം പ്രസിദ്ധീകരിക്കുന്ന താൽക്കാലിക ഉത്തര സൂചിക സംബന്ധിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട വിഷയങ്ങളിലെ വിദഗ്ധരെക്കൊണ്ട് പരിശോധിപ്പിച്ച് അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചോദ്യങ്ങൾ റദ്ദാക്കുന്നത്. |
| (ബി) | എങ്കിൽ ഇത്തരത്തിൽ ചോദ്യങ്ങൾ റദ്ദാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | | |
| (സി) | ഇക്കഴിഞ്ഞ എച്ച്.എസ്സ്.എ.മാത്തമാറ്റിക്സ് പരീക്ഷയിൽ 8 ചോദ്യങ്ങൾ റദ്ദാക്കിയിരുന്നോ; എങ്കിൽ എന്താണ് റദ്ദാക്കാൻ ഉണ്ടായ കാരണമെന്ന് വ്യക്തമാക്കാമോ; | (സി) | റദ്ദാക്കിയിരുന്നു. പരാതികൾ പരിശോധിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചോദ്യങ്ങൾ റദ്ദാക്കിയത്. |
| (ഡി) | റദ്ദാക്കിയ പല ചോദ്യങ്ങൾക്കും വ്യക്തവും കൃത്യവുമായ മറുപടി ഉള്ളതാണ് എന്നതിനാൽ പി.എസ്.സി.യുടെ ഇത്തരം നടപടി ആ ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയ മിടുക്കരായ ഉദ്യോഗാർത്ഥികളുടെ ജോലി പ്രതീക്ഷ ഇല്ലാതാക്കുമെന്നും റദ്ദാക്കിയ | (ഡി) | ചോദ്യങ്ങൾ റദ്ദാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി വ്യക്തവും കൃത്യവുമായ ഉത്തരമുള്ള ചോദ്യങ്ങൾ മാത്രം ഉൾപ്പെടുത്തുവാൻ ചോദ്യകർത്താക്കൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| | ചോദ്യങ്ങൾക്ക് ഉത്തരമെഴുതാതിരുന്നവർ റാങ്ക് പട്ടികയിൽ കടന്നു കൂടുമെന്നുമുള്ള അവസ്ഥ സംജാതമാക്കും എന്നതിനാൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | | |
| (ഇ) | ചോദ്യങ്ങൾ ഇത്തരത്തിൽ റദ്ദാക്കുമ്പോൾ എന്ത് കാരണം കൊണ്ടാണ് റദ്ദാക്കിയതെന്നും അതിന് നിർദ്ദേശം നൽകിയ വിഷയ വിദഗ്ധർ ആരെല്ലാമാണെന്നുമുള്ള പൂർണ്ണ വിശദാംശം പി.എസ്.സി. ഉദ്യോഗാർത്ഥിക്കു വേണ്ടി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഇ) | പരാതികൾ പരിശോധിക്കുന്നതുൾപ്പെടെയുള്ള പരീക്ഷാ സംബന്ധമായ ജോലികൾക്കായി കമ്മീഷൻ നിയോഗിക്കുന്ന വിദഗ്ധരുടെ പേരുവിവരം, അവർ നൽകുന്ന റിപ്പോർട്ട് എന്നിവ പരസ്യമാക്കുന്നത് അവരുടെ സ്വതന്ത്ര അഭിപ്രായ പ്രകടനത്തെ ബാധിക്കുമെന്നതിനാലാണ് പ്രസ്തുത വിവരം രഹസ്യമായി സൂക്ഷിച്ചു വരുന്നത്. |
| (എഫ്) | ഒരു മാർക്ക് പോലും റാങ്ക് മാറ്റി മറിക്കുമെന്നതിനാൽ പി.എസ്.സി. പരീക്ഷ നടത്തുന്നതിന് മുമ്പ് ചോദ്യബാങ്ക് വിഷയവിദഗ്ധർക്ക് നൽകി വ്യക്തവും കൃത്യമായ ഉത്തരവുമുള്ള ചോദ്യങ്ങൾ മാത്രം പരീക്ഷയ്ക്ക് ചോദിക്കുവാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (എഫ്) | ചോദ്യബാങ്ക് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ